"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഒരു കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ സംബന്ധിച്ച സാങ്കേതിക സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ വേതനം (ഓണറേറിയം) - ഒരു സിറ്റിങ്ങിനു ഒരു അംഗത്തിന് 5000/- രൂപ (അയ്യായിരം രൂപ മാത്രം) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

**സ.ഉ.(സാധാ) നം.900/2023/LSGD തീയതി,തിരുവനന്തപുരം, 20-04-2023**

---

പരാമർശം:-

1. 14.02.2023-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്രമം (3) പൊതുവിഷയം 2 (iii)
2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.02.2023-ലെ DB3/753/2013/CE/LID&EW(Prt D)-നമ്പർ കത്ത്

**ഉത്തരവ്**

ഒരു കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന എല്ലാ പ്രോജക്ടുകളും, സാധ്യതാ പഠനത്തിനുശേഷം തയ്യാറാക്കുന്ന സ്ഥലപരിശോധന റിപ്പോർട്ട്, പ്ലാൻ, ഡിസൈൻ എന്നിവ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറായ സാങ്കേതിക സമിതിയ്ക്ക് നൽകി (ഓൺലൈനായി) സമിതിയുടെ അഭിപ്രായവും, ഉപദേശവും കൂടി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകണമെന്നുണ്ട്. ഈ സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ വേതനം (ഓണറേറിയം) നൽകുന്നത് സംബന്ധിച്ച് 14.02.2023-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിക്കുകയും, സൂചന (1) തീരുമാന പ്രകാരം മേൽ വിഷയത്തിൽ ശിപാർശ സമർപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയുമുണ്ടായി.

2) ഒരു കോടി രൂപയ്ക്ക് മുകളിൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ സംബന്ധിച്ച സാങ്കേതിക സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ വേതനം (ഓണറേറിയം) നൽകുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക സമിതിയിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ഒരു സിറ്റിംഗിന് 5000/- രൂപ (അയ്യായിരം രൂപ മാത്രം) ക്രമത്തിൽ ഒരു സാമ്പത്തിക വർഷം 7,20,000/- രൂപ (ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചെലവ് പ്രതീക്ഷിക്കുന്നു എന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്യുകയുണ്ടായി.

3) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മേൽ വിഷയം 08.03.2023-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി വീണ്ടും പരിഗണിക്കുകയും, കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഒരു കോടി

രൂപയ്ക്കു മുകളിൽ അടങ്കൽ തുക വരുന്ന പ്രോജക്ടുകൾ സംബന്ധിച്ച സാങ്കേതിക സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ വേതനം (ഓണറേറിയം) ഒരു സിറ്റിങ്ങിനു ഒരു അംഗത്തിന് 5000/- രൂപ (അയ്യായിരം രൂപ മാത്രം) പ്രകാരം 3 അംഗങ്ങൾക്കു 15,000/- (പതിനയ്യായിരം രൂപ മാത്രം) ഒരു മാസം പരമാവധി 4 സിറ്റിംഗ് എന്ന ക്രമത്തിൽ ഒരു സാമ്പത്തിക വർഷത്തേക്ക് (48 ആഴ്ച) 7,20,000/- (ഏഴു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി,സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(റൂറൽ), തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്(അർബൻ), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിംഗ്, ഐ & പി.ആർ.ഡി
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Reenamma P A
Date: 20-04-2023 16:34:28
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു.തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
ബഹു.തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ. ക്ക്